**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128** **22-06-2026-ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മഹാദേവക്ഷേത്രത്തിലെ ശബരിമല ഇടത്താവള നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമല ഇടത്താവളം നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾക്കാണ് 2016 - 2026 കാലഘട്ടത്തിൽ അനുമതി നൽകിയിട്ടുള്ളത്; അവയിൽ എത്രയെണ്ണം ആരംഭിച്ചു എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** ശബരിമല ഇടത്താവളം നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, കഴക്കൂട്ടം, ചിറങ്ങര, മണിയങ്കോട്, ശുകപുരം എന്നീ ഏഴ് സ്ഥലങ്ങളിൽ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനാണ് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചത്. അതിൽ ശുകപുരം പിന്നീട് de scope ചെയ്തിട്ടുള്ളതും മറ്റ് ആറ് ഇടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിൽ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിലെ ഇടത്താവളം നിർമ്മാണ പ്രവൃത്തിക്കായി കിഫ്ബിയിൽ നിന്നും 11,12,16,113/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC) ആയ NBCC(I) Ltd. സമർപ്പിച്ചിട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം കഴക്കൂട്ടം ഇടത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 11,56,78,919/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

**(സി)** പ്രസ്തുത ക്ഷേത്രത്തിൽ എത്തുന്ന ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണ തോതിൽ ഏർപ്പെടുത്താതെയാണ് പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം സംഘടിപ്പിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന് എത്ര സമയം വേണ്ടി വരുമെന്നും വിശദമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കഴക്കൂട്ടം ശ്രീ മഹാദേഹക്ഷേത്രത്തിൽ അന്നദാനം, വിരി എന്നീ സൗകര്യങ്ങളോടുകൂടി നിർമ്മിച്ചിട്ടുള്ള ഇടത്താവളത്തിൽ വെള്ളം, വൈദ്യുതി എന്നിവയുടെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC) ആയ NBCC(I) Ltd. അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**